# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 26-03-2024**

### പ്രധാനവാർത്തകൾ

1. ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ രാജ്യത്ത് പുരോഗമിക്കുന്നു. മണ്ഡലങ്ങളിൽ പ്രചാരണം ശക്തമാക്കി സ്ഥാനാർത്ഥികൾ.

2. കേരളത്തിൽ തിരഞ്ഞെടുപ്പ് വിജ്ഞാപനം മറ്റന്നാൾ പുറപ്പെടുവിക്കും. ഏപ്രിൽ നാല് വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം .

3. സംസ്ഥാനത്തെ 60 ബിൽഡിംഗ് സൈറ്റുകളിൽ തൊഴിൽ വകുപ്പ് നടത്തിയ മിന്നൽ പരിശോധനയിൽ മുന്നൂറോളം നിയമലംഘനങ്ങൾ കണ്ടെത്തി

4. വയനാട് സർക്കാർ മെഡിക്കൽ കോളേജിലെ കാത്ത് ലാബ് പ്രവർത്തനസജ്ജമായതായി ആരോഗ്യ വകുപ്പ്.

5. സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു.തൃശൂർ ജില്ലയിൽ താപനില 40 ഡിഗ്രി സെൽഷ്യസ് വരെയെത്തുമെന്ന് മുന്നറിയിപ്പ്.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും.

&&&&&&&&&&&&

RNU TVPM

## തിരഞ്ഞെടുപ്പ് - ജനറൽ

ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പുകൾ രാജ്യത്ത് ഊർജ്ജിതമായി പുരോഗമിക്കുന്നു. ഒന്നാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിലേക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ബിഹാർ ഒഴികെയുള്ള സംസ്ഥാനങ്ങളിൽ നാളെ അവസാനിക്കും. 17 സംസ്ഥാനങ്ങളിലെയും നാല് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 102 ലോക്സഭാ മണ്ഡലങ്ങളിലാണ് ഏപ്രിൽ-19 ന് ആദ്യഘട്ടത്തിൽ വോട്ടെടുപ്പ്. പത്രികകളുടെ സൂക്ഷ്മ പരിശോധന മറ്റന്നാൾ നടക്കും. ബിഹാറിലെ നാല് മണ്ഡലങ്ങളിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ വ്യാഴാഴ്ച വരെ സമയമുണ്ട്. കേരളത്തിലെ 20 മണ്ഡലങ്ങളിലേക്കുള്ള ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം മറ്റന്നാൾ പുറപ്പെടുവിക്കും. 12 സംസ്ഥാനങ്ങളിലെയും ജമ്മു കശ്മീരിലെയും 89 മണ്ഡലങ്ങളിലാണ് ഏപ്രിൽ 26 ന് രണ്ടാംഘട്ടത്തിൽ വോട്ടെടുപ്പ്.

RNU TVPM

&&&&&&&&&&&&

## തിരഞ്ഞെടുപ്പ് -കേരളം

പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ സ്ഥാനാർത്ഥി പ്രഖ്യാപനം പൂർത്തിയായതോടെ കേരളത്തിൽ തിരഞ്ഞെടുപ്പ് ചിത്രം വ്യക്തമായിക്കഴിഞ്ഞു. സ്ഥാനാർത്ഥികളും, പ്രമുഖ നേതാക്കളും മണ്ഡലങ്ങളിൽ സജീവപര്യടനം തുടരുകയാണ്. മറ്റന്നാൾ തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറത്തിറങ്ങുന്നതോടെ നാമനിർദ്ദേശ പത്രികകളുടെ സമർപ്പണം ആരംഭിക്കും. ഏപ്രിൽ നാല് ആണ് സംസ്ഥാനത്ത് പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന അഞ്ചിന് നടക്കും. പത്രിക പിൻവലിക്കാൻ ഏപ്രിൽ എട്ട് വരെ സമയമുണ്ട്. ഏപ്രിൽ 26 നാണ് സംസ്ഥാനത്ത് വോട്ടെടുപ്പ്. വോട്ടെണ്ണൽ ജൂൺ നാലിന് നടക്കും.

&&&&&&&&&&&&

**<u>മണ്ഡലങ്ങളിലൂടെ -ആറ്റിങ്ങൽ (ഇൻട്രോ)</u>**

ശക്തമായ ത്രികോണ മത്സരം നടക്കുന്ന തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മണ്ഡലത്തിൽ, മൂന്നു മുന്നണികളും ആദ്യ ഘട്ട പ്രചാരണത്തിന്റെ തിരക്കിലാണ് . ജില്ലയിലെ വികസനപ്രശ്നങ്ങളും, സാധ്യതകളും പ്രചരണായുധമാക്കിയാണ് സ്ഥാനാർത്ഥികളുടെ മുന്നേറ്റം.

ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി
രജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്

(ഹോൾഡ്)

&&&&&&&&&&&&

**<u>കൊല്ലം ലോക്സഭാ മണ്ഡലം</u>**

കൊല്ലം ലോക്സഭാ മണ്ഡലത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ. ചാത്തന്നൂർ, പരവൂർ, എന്നിവിടങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ UDF സ്ഥാനാർത്ഥി N.K. പ്രേമചന്ദ്രൻ സന്ദർശിച്ചു. LDF സ്ഥാനാർത്ഥി എം. മുകേഷ് ഇന്ന് ചടയമംഗലം, വെളിനല്ലൂർ, ഇട്ടിവ എന്നിവിടങ്ങളിൽ പര്യടനം നടത്തി. NDA സ്ഥാനാർത്ഥി കൃഷ്ണകുമാർ ജി. കൊട്ടിയത്തുനിന്ന് കൊല്ലം നഗരത്തിലേക്ക് റോഡ് ഷോ നടത്തിയാണ് മണ്ഡലത്തിൽ പ്രചാരണത്തിന് തുടക്കമിട്ടത്.

RNU TVPM

&&&&&&&&&&&&

**<u>ലോക്സഭ-ആലത്തൂർ</u>**

എൻ.ഡി.എ സ്ഥാനാർഥി പ്രഖ്യാപനം കൂടി വന്നതോടെ

ആലത്തൂർ മണ്ഡലത്തിൽ മൂന്ന് മുന്നണികളുടെയും പ്രചാരണം ഊർജ്ജിതമായി. യു.ഡി. എഫിലെ രമ്യാ ഹരിദാസും എൽഡിഎഫിലെ കെ.രാധാകൃഷ്ണനും രണ്ടാം ഘട്ട പ്രചാരണത്തിലാണ്. എൻ.ഡി.എ സ്ഥാനാർഥി

ടി.എൻ.സരസു മണ്ഡലത്തിൽ ആദ്യഘട്ട പ്രചാരണത്തിന് തുടക്കം കുറിച്ചു.

&&&&&&&&&&&&

<u>വടകര</u>

വടകര ലോക്സഭാ മണ്ഡലത്തിൽ എൽ ഡി എഫ് സ്ഥാനാർത്ഥി കെ കെ ശൈലജ ഇന്ന് നാദാപുരം മണ്ഡലത്തിൽ പര്യടനം നടത്തി. പ്രമുഖ വ്യക്തികളെ കണ്ട് വോട്ടഭ്യർത്ഥിച്ച ശേഷം ക്യാമ്പസുകളും സന്ദർശിച്ചു കൊണ്ടായിരുന്നു ഇന്നത്തെ പ്രചാരണം. യു ഡി എഫ് സ്ഥാനാർഥി ഷാഫി പറമ്പിൽ നാളെ

കുറ്റ്യാടി വടകര മേഖലയിലെ ക്യാമ്പസുകൾ സന്ദർശിക്കും.

എൻ ഡി എ സ്ഥാനാർഥി സി ആർ പ്രഫുൽ കൃഷ്ണൻ ഇന്ന് തലശ്ശേരി മണ്ഡലത്തിലാണ് പര്യടനം നടത്തിയത്.

&&&&&&&&&&&&

<u>കുടിവെള്ള പ്രശ്നങ്ങൾ</u>

കോഴിക്കോട് ലോക്സഭാ മണ്ഡലത്തിൽ യു ഡി എഫ് സ്ഥാനാർഥി എം കെ .രാഘവൻ ഇന്ന് ചേളന്നൂർ എസ് എൻ കോളെജ്, ഖാദി .കൈത്തറി കേന്ദ്രം എന്നിവിടങ്ങളിൽ സന്ദർശനം നടത്തി. എൽ.ഡി.എഫ് സ്ഥാനാർത്ഥി എളമരം കരീം ഇന്ന് എലത്തൂർ നിയമസഭാ മണ്ഡലത്തിലെ വിവിധ കേന്ദ്രങ്ങളിലാണ് പ്രചരണം നടത്തിയത്. കോഴിക്കോട് നഗരത്തിലെ കുടിവെള്ള പ്രശ്നങ്ങൾക്ക് ഉടൻ പരിഹാരം കാണണമെന്നാവശ്യപ്പെട്ട് എൻ.ഡി.എ സ്ഥാനാർത്ഥി എം ടി രമേശിൻ്റെ നേതൃത്വത്തിൽ കോർപ്പറേഷൻ ഓഫിസിന് മുന്നിൽ ഇന്ന് ജനകീയ സത്യാഗ്രഹം നടന്നു.

&&&&&&&&&&&&

RNU TVPM

**കെജ്‌രിവാൾ**

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിൻറെ രാജി ആവശ്യപ്പെട്ട് ബിജെപി ഇന്ന് ഡൽഹിയിൽ പ്രതിഷേധം നടത്തി. മദ്യനയ അഴിമതിക്കേസിൽ കെജ്‌രിവാളിനെ ഇ.ഡി അറസ്റ്റ് ചെയ്തതിനെതിരെ ആം ആദ്മി പാർട്ടിയും ഡൽഹിയിൽ പ്രതിഷേധിച്ചു. അദ്ദേഹത്തിൻറെ ജാമ്യാപേക്ഷ ഡൽഹി ഹൈക്കോടതി നാളെ പരിഗണിക്കും. അതിനിടെ, ഇ.ഡി കസ്റ്റഡിയിലിരിക്കേ, മുഖ്യമന്ത്രിയെന്ന നിലയിൽ ഉത്തരവുകളിറക്കുന്നതിൽ നിന്നും അരവിന്ദ് കെജ്രിവാളിനെ തടയണമെന്നാവശ്യപ്പെട്ട് ഡൽഹി ഹൈക്കോടതിയിൽ പൊതുതാത്പര്യ ഹർജി ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട്.

&&&&&&&&&&&&

**ലേബർ കമ്മീഷണറേറ്റ്**

സംസ്ഥാനത്തെ 60 ബിൽഡിംഗ് സൈറ്റുകളിൽ സംസ്ഥാന വ്യാപകമായി തൊഴിൽ വകുപ്പ് നടത്തിയ മിന്നൽ പരിശോധനയെ തുടർന്ന് മുന്നൂറോളം നിയമലംഘനങ്ങൾ കണ്ടെത്തിയതായി ലേബർ കമ്മീഷണർ അർജുൻ പാണ്ഡ്യൻ അറിയിച്ചു. തൊഴിൽ നിയമങ്ങൾ അനുശാസിക്കുന്ന സമയപരിധി ക്കുള്ളിൽ നിയമലംഘനങ്ങൾ പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും അല്ലാത്തപക്ഷം പ്രോസിക്യൂഷൻ അടക്കമുള്ള കർശന നടപടികൾ സ്വീകരിക്കുമെന്നും കമ്മീഷണർ അറിയിച്ചു. വരും ദിവസങ്ങളിൽ പരിശോധന തുടരും.

PNUTVPM

&&&&&&&&&&&&

**വയനാട് മെഡിക്കൽ -ആൻജിയോഗ്രാം**

വയനാട് സർക്കാർ മെഡിക്കൽ കോളേജിലെ കാത്ത് ലാബ് പ്രവർത്തനസജ്ജമായി. ജില്ലയിലെ ഗോത്ര വിഭാഗത്തിൽപ്പെട്ട രണ്ടുപേർക്ക് ഇന്നലെ ആൻജിയോഗ്രാം നടത്തി തുടർചികിത്സ ഉറപ്പാക്കി. അടുത്ത ഘട്ടത്തിൽ ആൻജിയോപ്ലാസ്റ്റി ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്. കാത്ത് ലാബിൽ എക്കോ പരിശോധനകൾ നേരത്തെ ആരംഭിച്ചിരുന്നു. രക്തധമനികളിൽ ഉണ്ടാകുന്ന തടസങ്ങൾക്കും

കാത്ത് ലാബിൽ നിന്ന് ചികിത്സ ലഭിക്കും. രക്തത്തിന്റെ പമ്പിങ് കുറയുന്നത് തടയാനുള്ള ഐ.സി.ഡി. സംവിധാനവും കാത്ത് ലാബിലുണ്ടാകും. എല്ലാ ചൊവ്വാഴ്ചയും രോഗികൾക്ക് ഒ.പി.യിൽ ഹൃദ്രോഗ വിദഗ്ധന്റെ സേവനവും ലഭിക്കുന്നതാണ് .

&&&&&&&&&&&&

**<u>പൗരത്വം-സതീശൻ</u>**

പൗരത്വ നിയമ പ്രശ്നം രാഷ്ട്രീയ നേട്ടത്തിന് വേണ്ടി മുഖ്യമന്ത്രി പിണറായി വിജയൻ ദുരുപയോഗം ചെയ്യുകയാണെന്ന് ആരോപിച്ച് പ്രതിപക്ഷ നേതാവ് വിഡി സതീശൻ .. സി.എ.എ കേസുകൾ പിൻവലിക്കാതെ ബി.ജെ.പിയെ സന്തോഷിപ്പിക്കുകയാണ് മുഖ്യമന്ത്രി ചെയ്യുന്നതെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. 2019 ൽ എടുത്ത 835 കേസുകളിൽ 65 കേസുകൾ മാത്രമാണ് പിൻവലിച്ചത്. പൗരത്വ നിയമം സംബന്ധിച്ച് കോൺഗ്രസിനും യു.ഡി.എഫിനും വ്യക്തമായ നിലപാടുണ്ട് എന്നും അദ്ദേഹം പറഞ്ഞു

&&&&&&&&&&&&

RNU TVPM

**<u>കെ സുരേന്ദ്രൻ - പൗരത്വം</u>**

പൗരത്വ നിയമ ഭേദഗതിയുടെ പേരിൽ ഭയാശങ്ക ഉണ്ടാക്കി സമുദായിക ധ്രുവീകരണമുണ്ടാക്കാനാണ് മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ശ്രമിക്കുന്നതെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ .എളംകുളത്ത് എൻഡിഎ കേന്ദ്ര തിരഞ്ഞെടുപ്പു കമ്മിറ്റി ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മുടങ്ങിയ സാമുഹ്യ ക്ഷേമ പെൻഷൻ,- വിലക്കയറ്റം, തുടങ്ങിയ ജീവിത പ്രശനങ്ങൾ ചർച്ച ചെയ്യാതെ ഇരു മുന്നണികളും വർഗ്ഗീയ വേർതിരിവ് സൃഷ്ടിച്ച് വോട്ടു സമാഹരിക്കാൻ ശ്രമിക്കുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

&&&&&&&&&&&&

## സിഎം പൗരത്വറാലി

പൗരത്വ നിയമഭേദഗതി നിയമത്തിനെതിരെ സിപിഐഎം സംഘടിപ്പിക്കുന്ന പ്രതിഷേധ റാലി മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് റാലി സംഘടിപ്പിക്കുക. കഴിഞ്ഞ ദിവസം മലപ്പുറത്ത് നടന്ന പ്രതിഷേധ റാലിയിൽ മുഖ്യമന്ത്രി നടത്തിയ പ്രസംഗത്തിനെതിരെ ബിജെപി തിരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകിയിരുന്നു.

&&&&&&&&&&&&

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, ചെന്നൈ സൂപ്പർ കിംഗ്സുമായി ഏറ്റുമുട്ടും. ചെന്നൈ ചിദംബരം സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. ഐപിഎല്ലിലെ ആദ്യ മത്സരത്തിൽ ഇരു ടീമുകളും വിജയം നേടിയിരുന്നു.

RNU TVPM

&&&&&&&&&&&&

## ഫിഫ

ഫിഫ ലോകകപ്പ് യോഗ്യതാ മത്സരത്തിൽ ഇന്ത്യ ഇന്ന് അഫ്ഗാനിസ്ഥാനെ നേരിടും. രാത്രി 7-ന് ഗുവാഹാത്തിയിലെ ഇന്ദിരാഗാന്ധി അത്ലറ്റിക് സ്റ്റേഡിയത്തിലാണ് മത്സരം. നിലവിൽ ഗ്രൂപ്പ് എ യിൽ 4 പോയിൻറുകളുമായി രണ്ടാംസ്ഥാനത്താണ് ഇന്ത്യ. 4 ദിവസം മുൻപ് സൗദി അറേബ്യയിൽ നടന്ന മത്സരത്തിൽ ഇന്ത്യ അഫ്ഗാനിസ്ഥാനോട് ഗോൾ രഹിത സമനില വഴങ്ങിയിരുന്നു. മൂന്നാം റൗണ്ടിലേക്കുള്ള പ്രവേശനത്തിന് സുനിൽ ഛേത്രിയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ ടീമിന് ഇന്നത്തെ ജയം അനിവാര്യമാണ്.

&&&&&&&&&&&&

## ചൂട്

സംസ്ഥാനത്ത് ഉയർന്ന ചൂട് തുടരുന്നു .
ഈ മാസം 30 വരെ തൃശൂർ ജില്ലയിൽ താപനില 40° സെൽഷ്യസ് വരെയും, കൊല്ലം, പാലക്കാട് ജില്ലകളിൽ 39°C വരെയും ഉയരാൻ ഇടയുണ്ട്. പത്തനംതിട്ട ജില്ലയിൽ ഉയർന്ന താപനില 38°C വരെയും, കോട്ടയം, എറണാകുളം, കണ്ണൂർ ജില്ലകളിൽ ഉയർന്ന താപനില 37°C വരെയും ഉയരാനാണ് സാധ്യത. ആലപ്പുഴ, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ഉയർന്ന താപനില 36°C രേഖപ്പെടുത്തുമെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി .

&&&&&&&&&&&&

## ഓഹരി, സ്വർണവില

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. മുംബൈ ഓഹരി സൂചിക സെൻസെക്സ് 361 പോയിന്റ് നഷ്ടത്തിൽ 72,470 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 92 പോയിന്റ് നഷ്ടത്തിൽ 22,004 ലും ഇന്ന് വ്യപാരം അവസാനിപ്പിച്ചു .
സ്വർണവിലയിൽ നേരിയ കുറവ് . ഗ്രാമിന് 10 രൂപ കുറഞ്ഞു 6,115 രൂപയും പവന് 48,920 രൂപയുമാണ് ഇന്നത്തെ വില .

RINU TVPM

&&&&&&&&&&&&

## വിരമിക്കുന്നു

ലോകായുക്ത ജസ്റ്റീസ് സിറിയക് ജോസഫ് നാളെ 5 വർഷം കാലാവധി പൂർത്തിയാക്കി വിരമിക്കും. അദ്ദേഹത്തോടുള്ള ബഹുമാനാർത്ഥം ലോകായുക്ത കോടതി ഹാളിൽ നാളെ ഫുൾ കോർട്ട് റെഫറൺസ് നടത്തും. ജസ്റ്റീസ് സിറിയക് ജോസഫ് ലോകായുക്തയായിരുന്ന കാലയളവിൽ 2,087 കേസുകളാണ് കേരള ലോകായുക്തയിൽ ഫയൽ ചെയ്യപ്പെട്ടത്. 3,021 കേസുകൾ ഇക്കാലയളവിൽ തീർപ്പാക്കി.

&&&&&&&&&&&&

__തിരഞ്ഞെടുപ്പ് കമ്മീഷൻ - ചൂട്__

ഉഷ്ണ തരംഗത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണപ്രദേശങ്ങളിലെയും മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ മുന്നറിയിപ്പ് നൽകി. മാർച്ച് മുതൽ ജൂൺ കാലയളവിൽ സാധാരണയിൽ കൂടുതൽ ചൂട് ഉണ്ടാകാൻ ഇടയുണ്ടെന്ന കാലാവസ്ഥാ മുന്നറിയിപ്പിൻറെ അടിസ്ഥാനത്തിൽ പാലിക്കേണ്ട ജാഗ്രതാ നടപടികളാണ് നിർദ്ദേശത്തിലുള്ളത്. പോളിംഗ് സ്റ്റേഷനുകളിൽ കുടിവെള്ളം അടക്കമുള്ള സൗകര്യങ്ങൾ ഉറപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

&&&&&&&&&&&&

__പരിശോധന കർശനമാക്കുന്നു__

ഇടുക്കി ലോകസഭ മണ്ഡലത്തിലെ ഫ്ളയിംഗ് സ്ക്വാഡ് പരിശോധനയിൽ മതിയായ രേഖകളില്ലാതെ കൊണ്ടുപോവുകയായിരുന്ന 20 ലക്ഷത്തി 17,500 രൂപ പിടികൂടി. ജി.എസ്. ടി എൻഫോഴ്സ്മെന്റും എക്സൈസും സംയുക്തമായി നടത്തിയ പരിശോധനയിലാണ് പണം പിടിച്ചെടുത്തത്.

-&&&&&&&&&&&&

__നോ യുവർ കാൻഡിഡേറ്റ്__

ഇത്തവണ ലോക്സഭ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ വിവരങ്ങൾ വിരൽസ്പർശത്തിലറിയാനുള്ള സംവിധാനം തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കി . ഇതിനായി 'നോ യുവർ കാൻഡിഡേറ്റ്' എന്ന മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് സ്ഥാനാർത്ഥികളുടെ വിവരങ്ങൾ ശേഖരിക്കാം. സ്ഥാനാർത്ഥികളുടെ പേര്, വിലാസം, പ്രായം, മത്സരിക്കുന്ന പാർട്ടിയുടെ വിവരങ്ങൾ, ക്രിമിനൽ പശ്ചാത്തലം, സത്യവാങ്മൂലം, വ്യക്തിഗത വിവരങ്ങൾ തുടങ്ങിയവയാണ് ഇതിലൂടെ ലഭിക്കുക.

&&&&&&&&&&&&

&&&&&&&&

&&&

RNU TVPM